# അധ്യായം 6

# പൗരത്വം (Citizenship)

## അവലോകനം



P1Z7H9


ഒരു രാഷ്ട്രീയ സമൂഹത്തിലെ പൂർണവും തുല്യവുമായ അംഗത്വമായാണ് പൗരത്വത്തെ കണക്കാക്കുന്നത്. പൗരത്വം എന്നതുകൊണ്ട് യഥാർഥത്തിൽ ഇന്ന് അർഥമാക്കുന്നതെന്താണെന്ന് ഈ അധ്യായത്തിലൂടെ നാമന്വേഷിക്കുന്നു. പൂർണവും തുല്യവുമായ അംഗത്വമെന്ന പദത്തിന്റെ വ്യാഖ്യാനത്തെക്കുറിച്ചുള്ള സംവാദങ്ങളും സമരങ്ങളുമാണ് 6.2, 6.3 എന്നീ വിഭാഗങ്ങളിൽ നാം ചർച്ചചെയ്യുക. വിഭാഗം 6.4 ൽ പൗരത്വവും ദേശവും തമ്മിലുള്ള പരസ്പരബന്ധവും വിവിധ രാജ്യങ്ങൾ സ്വീകരിച്ചിട്ടുള്ള പൗരത്വമാനദണ്ഡങ്ങളുമാണ് ചർച്ചചെയ്യുന്നത്. പൗരത്വം സാർവത്രികമായിരിക്കണമെന്ന് ജനാധിപത്യപൗരത്വസിദ്ധാന്തങ്ങൾ അവകാശപ്പെടുന്നു. എല്ലാവരും ഒരു രാജ്യത്തെ അല്ലെങ്കിൽ മറ്റൊരു രാജ്യത്തെ അംഗമായിരിക്കണമെന്നാണോ ഇതർഥമാക്കുന്നത് ? അങ്ങനെയെങ്കിൽ രാഷ്ട്രരഹിതരായ ധാരാളം ജനങ്ങളുടെ നിലനിൽപ്പ് എങ്ങനെയാണ് വിശദമാക്കാൻ കഴിയുക. വിഭാഗം 6.5 ൽ ഈ പ്രശ്നം ചർച്ചചെയ്യാം. അവസാനത്തെ ഭാഗമായ 6.6 ൽ ആഗോളപൗരത്വമെന്ന പ്രശ്നം ചർച്ചചെയ്യുന്നു. ആഗോളപൗരത്വം നിലനിൽക്കുന്നുണ്ടോ? ദേശീയപൗരത്വത്തിന് ബദലാകുവാൻ അതിനാവുമോ ?

ഈ അധ്യായത്തിലൂടെ കടന്നുപോയശേഷം നിങ്ങൾക്ക് താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകാനാവും.

- പൗരത്വത്തിന്റെ അർഥം വിശദമാക്കുക.
- പൗരത്വത്തിന്റെ അർഥം വിപുലീകരിക്കുന്നതും വെല്ലുവിളിക്കുന്നതുമായ മേഖലകളെക്കുറിച്ച് ചർച്ച ചെയ്യുക.

### 6.1 ആമുഖം (Introduction)

ഒരു രാഷ്ട്രീയസമൂഹത്തിലെ പൂർണവും തുല്യവുമായ അംഗത്വമെന്ന് പൗരത്വത്തെ നിർവചിക്കുന്നു. സമകാലികലോകത്ത് രാഷ്ട്രങ്ങൾ തങ്ങളുടെ അംഗങ്ങൾക്ക് കൂട്ടായ രാഷ്ട്രീയ സ്വത്വവും ചില അവകാശങ്ങളും നൽകുന്നു. ഇന്ത്യക്കാരെന്നും, ജപ്പാൻകാരെന്നും, ജർമ്മൻകാരെന്നും, നാം നമ്മെ വേർതിരിച്ചു കരുതുന്നതും അതുകൊണ്ടാണ്. പൗരൻ രാഷ്ട്രത്തിൽ നിന്നും ഏതാനും അവകാശങ്ങൾ പ്രതീക്ഷിക്കുകയും അതോടൊപ്പം ജീവിതയാത്രയിൽ സഹായവും സംരക്ഷണവും ആഗ്രഹിക്കുകയും ചെയ്യുന്നു.



പൂർണ അംഗത്വം നൽകാൻ ഒരു രാഷ്ട്രവും തയ്യാറാകാത്തതിന്റെ ഫലമായി അഭയാർഥികൾ അല്ലെങ്കിൽ അനധികൃതകുടിയേറ്റക്കാരായി ലോകത്ത് ജീവിക്കേണ്ടി വരുന്ന നിർഭാഗ്യരായ ആയിരക്കണക്കിന് ജനങ്ങളെക്കുറിച്ച് ചിന്തിക്കുമ്പോഴാണ് പൂർണവും തുല്യവുമായ അംഗത്വം എന്ന ആശയത്തിന്റെ മൂല്യം മനസിലാവുക. ഒരു രാഷ്ട്രവും അങ്ങനെയുള്ള മനുഷ്യർക്ക് അവകാശങ്ങൾ ഉറപ്പു നൽകുകയില്ല. അതുകൊണ്ടുതന്നെ പൊതുവെ സുരക്ഷിതമല്ലാത്ത സാഹചര്യങ്ങളിൽ അവർ ജീവിക്കേണ്ടി വരും. മധ്യേഷ്യൻ മേഖലയിൽ നാം ഇന്ന് കാണുന്ന പാലസ്തീൻ അഭയാർഥികളെപ്പോലെ അവർക്കിഷ്ടമുള്ള ഒരു രാജ്യത്തെ പൂർണ അംഗത്വം എന്ന ലക്ഷ്യത്തിനുവേണ്ടി പോരാടുവാൻ അവർ സന്നദ്ധരായിരിക്കും. പൗരന് നൽകിയിരിക്കുന്ന സൂക്ഷ്മമായ അവകാശങ്ങളുടെ സ്വഭാവം രാജ്യങ്ങൾക്കിടയിൽ വ്യത്യസ്തമായിരിക്കും. വോട്ടവകാശം പോലുള്ള രാഷ്ട്രീയാവകാശങ്ങളും സംസാര സ്വാതന്ത്ര്യം തുടങ്ങിയ പൗരാവകാശങ്ങളും ചുരുങ്ങിയ വേതനത്തിനും വിദ്യാഭ്യാസത്തിനുമുള്ള സാമ്പത്തികസാമൂഹ്യ അവകാശങ്ങളും മിക്ക ജനാധിപത്യ




രാഷ്ട്രങ്ങളും ഇന്ന് പൗരാവകാശങ്ങളിൽ ഉൾപ്പെടുത്തുന്നുണ്ട്. അവകാശങ്ങളിലും പദവിയിലും ഉള്ള തുല്യത പൗരത്വത്തിന്റെ അടിസ്ഥാനാവകാശമാണ്.

പൗരൻ ഇന്നനുഭവിക്കുന്ന ഓരോ അവകാശവും സമരങ്ങളിലൂടെ നേടിയെടുത്തവയാണ്. ശക്തമായ രാജവാഴ്ചക്കെതിരെ ജനങ്ങൾ നടത്തിയ പല പോരാട്ടങ്ങളും



തങ്ങളുടെ സ്വാതന്ത്ര്യവും അവകാശങ്ങളും ഉറപ്പിക്കുന്നതിന് വേണ്ടിയായിരുന്നു. പല യൂറോപ്യൻ രാജ്യങ്ങളും അത്തരം സമരങ്ങൾക്ക് സാക്ഷ്യം വഹിക്കുകയുണ്ടായി. അവയിൽ ചിലത് 1789 ലെ ഫ്രഞ്ചുവിപ്ലവം പോലെ അക്രമാസക്തമായിരുന്നു. ഏഷ്യയിലെയും ആഫ്രിക്കയിലെയും കോളനികളിൽ തുല്യപൗരത്വത്തിനുവേണ്ടിയുള്ള ആവശ്യം കൊളോണിയൻ ഭരണാധികാരികളിൽ നിന്നും സ്വാതന്ത്ര്യം നേടുന്നതിനുവേണ്ടിയുള്ള സമരങ്ങളുടെ ഭാഗമായിരുന്നു. ദക്ഷിണാഫ്രിക്കയിലെ കറുത്ത ആഫ്രിക്കൻ ജനവിഭാഗങ്ങൾക്ക് അധികാരത്തിലിരിക്കുന്ന വെളുത്ത ന്യൂനപക്ഷങ്ങൾക്കെതിരെ തുല്യപൗരത്വത്തിനു വേണ്ടി സുദീർഘമായ സമരം നടത്തേണ്ടിവന്നു. ഇത് 1990 കളുടെ തുടക്കംവരെ നീണ്ടുനിൽക്കുകയുണ്ടായി. ലോകത്തിന്റെ വിവിധഭാഗങ്ങളിൽ പൂർണ്ണ അംഗത്വവും തുല്യാവകാശങ്ങളും നേടുന്നതിനുവേണ്ടിയുള്ള സമരങ്ങൾ ഇപ്പോഴും തുടരുന്നു. നമ്മുടെ രാജ്യത്തെ സ്ത്രീകളുടെയും ദളിതരുടെയും പ്രസ്ഥാനങ്ങളെക്കുറിച്ച് നിങ്ങൾ വായിച്ചിട്ടുണ്ടാകുമല്ലോ. അവരുടെ ആവശ്യങ്ങളിലേക്ക് ശ്രദ്ധയാകർഷിച്ചുകൊണ്ട് പൊതുജനാഭിപ്രായത്തെ മാറ്റുക, അതുപോലെതന്നെ ഗവൺമെന്റ് നയങ്ങളെ സ്വാധീനിച്ചുകൊണ്ട് തുല്യാവകാശങ്ങളും അവസരങ്ങളും ഉറപ്പാക്കുക തുടങ്ങിയവയാണ് അവരുടെ ലക്ഷ്യം.

## നമുക്ക് ചിന്തിക്കാം

17-ാം നൂറ്റാണ്ട് മുതൽ 20 -ാം നൂറ്റാണ്ടു വരെയുള്ള കാലത്ത് യൂറോപ്പിൽ നിന്നും വന്ന വെള്ളക്കാർ ദക്ഷിണാഫ്രിക്കയിലെ കറുത്ത ജനങ്ങളുടെ മേൽ ആധിപത്യം സ്ഥാപിച്ചു. 1994 വരെ ദക്ഷിണാഫ്രിക്കയിൽ നിലനിന്ന നയ സമീപനങ്ങളുടെ താഴെപ്പറയുന്ന വിവരണം വായിക്കുക.

വെള്ളക്കാർക്ക് വോട്ടവകാശവും തെരഞ്ഞെടുപ്പിൽ മൽസരിക്കാനും ഗവൺമെന്റിനെ തെരഞ്ഞെടുക്കാനും കഴിഞ്ഞിരുന്നു. സ്വത്ത് വാങ്ങുന്നതിനും രാജ്യത്തെ ഏതുസ്ഥലത്തേക്കും സഞ്ചരിക്കുന്നതിനും അവർക്ക് സ്വാതന്ത്ര്യമുണ്ടായിരുന്നു. കറുത്തവർക്ക് അത്തരം അവകാശങ്ങൾ ഉണ്ടായിരുന്നില്ല. വെളുത്തവർക്കും കറുത്തവർക്കും പ്രത്യേകം പ്രത്യേകം കോളനികൾ സ്ഥാപിച്ചിരുന്നു. വെള്ളക്കാർ താമസിക്കുന്ന പ്രദേശങ്ങളിൽ ജോലി ചെയ്യുന്നതിന് കറുത്തവർ പാസെടുക്കണമായിരുന്നു. അവർ താമസിക്കുന്ന മേഖലകളിൽ അധിവസിക്കാൻ കറുത്തവരെ അനുവദിച്ചിരുന്നില്ല. രണ്ടു വർണവിഭാഗങ്ങൾക്കും പ്രത്യേകം സ്കൂളുകളും ഉണ്ടായിരുന്നു.

- ദക്ഷിണാഫ്രിക്കയിൽ കറുത്തവർക്ക് പൂർണ്ണവും തുല്യവുമായ അംഗത്വമുണ്ടായിരുന്നു എന്ന് നിങ്ങൾ കരുതുന്നുണ്ടോ ? കാരണങ്ങൾ എഴുതുക.
- ദക്ഷിണാഫ്രിക്കയിൽ വിവിധ വിഭാഗങ്ങൾക്കിടയിലെ ബന്ധത്തെക്കുറിച്ച് എന്തെല്ലാം വിവരമാണ് മുകളിൽ നൽകിയിരിക്കുന്നത്?.


**നമുക്കിതു ചെയ്യാം**

നിങ്ങളുടെ മേഖലയിൽ മറ്റുള്ളവരെ സഹായിക്കുന്നതിനായോ, മേഖലയുടെ പുരോഗതിയ്ക്കുവേണ്ടിയോ അല്ലെങ്കിൽ പരിസ്ഥിതി സംരക്ഷണത്തിനായോ ജനങ്ങൾ ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾക്കുള്ള ഉദാഹരണങ്ങളെക്കുറിച്ച് ചിന്തിക്കുക. നിങ്ങളുടെ സമപ്രായക്കാരായ യുവാക്കൾക്ക് ഏറ്റെടുക്കാൻ കഴിയുന്ന പ്രവർത്തനങ്ങളുടെ പട്ടിക തയ്യാറാക്കുക.

എന്നിരുന്നാലും പൗരത്വം രാഷ്ട്രത്തിനും അതിലെ അംഗങ്ങൾക്കുമിടയ്ക്കുള്ള ബന്ധത്തിനുപരിയായ ഒന്നാണ്. പൗരൻമാർക്കിടയിലുള്ള പരസ്പര ബന്ധവും അവർ തമ്മിൽ തമ്മിലും, അവർക്ക് സമൂഹത്തോടുമുള്ള ചില കടപ്പാടുകളും ഇതിൽ ഉൾക്കൊള്ളുന്നു. ഇത് രാഷ്ട്രം ചുമത്തുന്ന നിയമപരമായ കടമകൾ മാത്രമല്ല സാമൂഹ്യജീവിതത്തിൽ പങ്കാളിയാകാനും തന്റേതായ സംഭാവന നൽകാനുമുള്ള ധാർമിക ഉത്തരവാദിത്വവും ഉൾക്കൊള്ളുന്നു. രാജ്യത്തെ സംസ്കാരത്തിന്റെയും പ്രകൃതിവിഭവങ്ങളുടെയും അനന്തരാവകാശികളും സൂക്ഷിപ്പുകാരുമായാണ് അവരെ കണക്കാക്കുന്നത്.

ഏതെങ്കിലും ഒരു രാഷ്ട്രീയ കാഴ്ചപ്പാടിനെ മനസിലാക്കുന്നതിനുള്ള നല്ല മാർഗം തങ്ങളുടെ ആവശ്യങ്ങളും അഭിലാഷങ്ങളും കണക്കിലെടുക്കുന്നില്ല എന്ന തോന്നലിൽ പ്രസ്തുത രാഷ്ട്രീയ ആശയത്തിന്റെ അംഗീകൃതാർഥത്തെ ചില സംഘങ്ങൾ ചോദ്യം ചെയ്യുന്ന ഉദാഹരണങ്ങൾ കണ്ടെത്തുകയാണ്.

### 6.2 പൂർണവും തുല്യവുമായ അംഗത്വം (Full and Equal Membership)



തിരക്കേറിയ ഒരു റെയിൽവേ കമ്പാർട്ട്മെന്റിലോ ബസിലോ നിങ്ങൾ എപ്പോഴെങ്കിലും യാത്ര ചെയ്തിട്ടുണ്ടെങ്കിൽ അകത്തു കയറുന്നതിനു വേണ്ടി പരസ്പരം മൽസരിച്ചിരുന്നവരുടെ മനോഭാവം നിങ്ങൾക്ക് സുപരിചിതമായിരിക്കും. ഒരിക്കൽ അകത്തു കയറിക്കഴിഞ്ഞാൽ മറ്റുള്ളവരെ പുറത്തു നിർത്തുന്നതിനുള്ള താൽപര്യം അകത്ത് കയറിയവർ പ്രകടിപ്പിക്കുന്നു. 'അകത്തുള്ളവർക്കും' 'പുറത്തുള്ളവർക്കും' ഇടയിൽ ഒരു വേർതിരിവ് വളർന്നുവരും. പുറത്തുള്ളവരെ ഒരു ഭീഷണിയായി അകത്തുള്ളവർ കാണും.

നഗരങ്ങളിലും, പ്രാദേശികമേഖലകളിലും ചിലപ്പോൾ രാഷ്ട്രത്തിനുള്ളിൽ മുഴുവനായും സമാനമായ സംഭവങ്ങൾ കാലാകാലങ്ങളിൽ ഉടലെടുക്കാം. ഭൂമി, ജലം തുടങ്ങിയ പ്രകൃതിവിഭവങ്ങൾ തൊഴിൽ, ആരോഗ്യസംരക്ഷണം, വിദ്യാഭ്യാസസൗകര്യം, എന്നിവ പരിമിതമാണെങ്കിൽ പുറമേ നിന്നുള്ളവരുടെ കടന്നു വരവിനെ, അവർ സഹ പൗരന്മാരാണെങ്കിൽപോലും നിയന്ത്രിക്കണമെന്ന ആവശ്യം ഉയരും. അത്തരം വികാരം പ്രകടിപ്പിക്കുന്ന 'മുംബൈ മുംബൈക്കാർക്ക്' എന്ന മുദ്രാവാക്യം നിങ്ങൾ ഓർമിക്കുന്നുണ്ടാവും. അത്തരം നിരവധി സമരങ്ങൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്.

പൂർണവും തുല്യവുമായ അംഗത്വം യഥാർഥത്തിൽ അർഥമാക്കുന്നതെന്ത് എന്ന ചോദ്യം ഇത് ഉയർത്തുന്നു. രാജ്യത്തെവിടെയാണോ താമസിക്കാനും പഠിക്കാനും ജോലി ചെയ്യാനും തീരുമാനിക്കുന്നത് അവിടെ പൗരന് തുല്യാവകാശങ്ങളും അവസരങ്ങളും അനുഭവിക്കാൻ കഴിയണമെന്നാണോ അതർഥമാക്കുന്നത്.

ഈ ഭാഗത്ത് പൗരത്വത്തിന്റെ അർഥം ഇതിൽ ഒന്നാമത്തെ ചോദ്യത്തെ അടിസ്ഥാനമാക്കി നാം അന്വേഷിക്കും.

നമ്മുടെ രാജ്യത്തും അതുപോലെ മറ്റ് ധാരാളം രാജ്യങ്ങളിലും പൗരന് നൽകിയിരിക്കുന്ന അവകാശങ്ങളിലൊന്നാണ് സഞ്ചാരസ്വാതന്ത്ര്യം. തൊഴിലാളികളെ സംബന്ധിച്ചിടത്തോളം പ്രത്യേകപ്രാധാന്യമുള്ള ഒരവകാശമാണ് ഇത്. താമസസ്ഥലത്തിന് സമീപം തൊഴിലവസരങ്ങൾ ഇല്ലാതാകുമ്പോൾ തൊഴിലന്വേഷിച്ച് കുടിയേറാനുള്ള പ്രവണത അവർക്കുണ്ട്. തൊഴിലന്വേഷിച്ച് രാജ്യത്തിന് പുറത്തേക്കും ചിലർ സഞ്ചരിക്കും. വിദഗ്ധരും അവിദഗ്ധരുമായ തൊഴിലാളികൾക്കുവേണ്ടിയുള്ള വിപണികൾ നമ്മുടെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ വികസിച്ചിട്ടുണ്ട്. ഉദാഹരണത്തിന്, ബംഗളുരു പോലെയുള്ള നഗരങ്ങളിലേക്ക് ഐ.റ്റി. തൊഴി

### മാർട്ടിൻ ലൂതർ കിങ്

അമേരിക്കയിലെ തെക്കൻ സംസ്ഥാനങ്ങളിൽ കറുത്തവർക്കും വെളുത്തവർക്കും ഇടയിൽ നിലനിന്നിരുന്ന അസമത്വത്തിനെതിരെ ഒരു പൗരാവകാശപ്രസ്ഥാനത്തിന് 1950 കൾ സാക്ഷ്യം വഹിച്ചു. വർണവിവേചന നിയമങ്ങൾ (segregation laws) എന്നറിയപ്പെട്ട ഒരു കൂട്ടം നിയമങ്ങളിലൂടെയാണ് ഈ സംസ്ഥാനങ്ങളിൽ അസമത്വം നിലനിർത്തിപോന്നത്. ഈ നിയമങ്ങളിലൂടെ കറുത്തവർഗക്കാർക്ക് പൗരാവകാശങ്ങളും രാഷ്ട്രീയാവകാശങ്ങളും നിഷേധിച്ചു. പൊതു ഇടങ്ങളായ റെയിൽവേ, ബസുകൾ, തിയേറ്ററുകൾ, പാർപ്പിടം, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ തുടങ്ങിയ സ്ഥലങ്ങളിലെല്ലാം കറുത്തവർക്കും വെളുത്തവർക്കും പ്രത്യേകം മേഖലകൾക്ക് ഈ നിയമങ്ങൾ രൂപം നൽകി.

ഇത്തരം നിയമങ്ങൾക്കെതിരെ രൂപംകൊണ്ട പ്രസ്ഥാനത്തിന്റെ നേതാവായിരുന്നു മാർട്ടിൻ ലൂതർ കിങ് ജൂണിയർ. നിലവിലുള്ള വർണവിവേചനനിയമങ്ങൾക്കെതിരെ ധാരാളം വാദമുഖങ്ങൾ അദ്ദേഹം ഉന്നയിക്കുകയുണ്ടായി. ഒന്നാമതായി ഒരാളിന്റെ നിറം, വർഗം എന്നിവ പരിഗണിക്കാതെ ഈ ലോകത്തെ എല്ലാ മനുഷ്യരും ആത്മമൂല്യത്തിലും യോഗ്യതയിലും അന്തസിലും തുല്യരാണ്. രണ്ടാമതായി രാഷ്ട്രീയശരീരത്തിലെ സാമൂഹ്യകുഷ്ഠമാണ് (Social leprosy of body Politic) വർണവിവേചനമെന്നും അത്തരം നിയമങ്ങളുടെ ഫലമായി യാതന അനുഭവിക്കുന്ന ജനങ്ങളിൽ അത് ആഴത്തിലുള്ള മാനസികക്ഷതമുണ്ടാക്കുന്നതായും അദ്ദേഹം വാദിച്ചു.

വർണവിവേചനം കറുത്തവരുടെ ജീവിതത്തിന്റെ ഗുണനിലവാരം കുറയ്ക്കുന്നു എന്ന് കിങ് വാദിച്ചു. ഉദാഹരണസഹിതം ഇത് അദ്ദേഹം വ്യക്തമാക്കുന്നു. കോടതി നിർദേശിച്ചതനുസരിച്ച് ചില പാർക്കുകളിൽ കറുത്ത ജനങ്ങൾക്ക് പ്രവേശനം അനുവദിക്കുന്നതിനു പകരം വെള്ളക്കാർ അവ അടച്ചുപൂട്ടാൻ തീരുമാനിക്കുകയുണ്ടായി. കറുത്തവർഗക്കാരായ കളിക്കാരെ സ്വീകരിക്കാൻ തയ്യാറാകാതിരുന്നതിന്റെ പേരിൽ അധികാരികൾക്ക് ചില ബെയിസ് ബോൾ ടീമുകൾ പിരിച്ചു വിടേണ്ടി വന്നു. മൂന്നാമതായി വർണവിവേചനനിയമങ്ങൾ ജനങ്ങൾക്കിടയിൽ കൃത്രിമമായ അതിരുകൾ സൃഷ്ടിക്കുകയും അത് രാജ്യത്തിന്റെ മൊത്തം നേട്ടങ്ങൾക്കു വേണ്ടി പരസ്പരം സഹകരിച്ചു പ്രവർത്തിക്കുന്നതിൽ നിന്നും അവരെ തടയുകയും ചെയ്യുന്നു. ഇക്കാരണങ്ങളാൽ ഇത്തരം നിയമങ്ങൾ റദ്ദാക്കണമെന്ന് കിങ് വാദിച്ചു. വർണവിവേചനനിയമങ്ങൾക്കെതിരെ സമാധാനപരവും അക്രമരഹിതവുമായ ചെറുത്തുനിൽപ്പിന് അദ്ദേഹം ജനങ്ങളെ ആഹ്വാനം ചെയ്തു. തന്റെയൊരു പ്രസംഗത്തിൽ അദ്ദേഹം ഇപ്രകാരം പറഞ്ഞു. നമ്മുടെ ക്രിയാത്മകപ്രതിഷേധം ഒരിക്കലും കായികമായ അക്രമങ്ങളായി അധഃപതിക്കുവാൻ നാം അനുവദിക്കരുത്.

ലാളികൾ കൂട്ടമായെത്തുന്നു. കേരളത്തിൽ നിന്നുള്ള നേഴ്സുമാരെ രാജ്യത്തെല്ലായിടത്തും കാണാൻ കഴിയും. നഗരങ്ങളിൽ പെരുകുന്ന കെട്ടിട നിർമാണവ്യവസായം രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നുള്ളവരെ ആകർഷിക്കുന്നു. റോഡു നിർമ്മാണം പോലെയുള്ള അടിസ്ഥാനസൗകര്യ വികസന പദ്ധതികളിലും അങ്ങനെ തന്നെയാണ്. നിങ്ങളുടെ വീടിന്റെയോ സ്കൂളിന്റെയോ സമീപത്ത് വിവിധപ്രദേശങ്ങളിൽ നിന്നും വന്നെത്തിയ തൊഴിലാളികളെ കണ്ടിട്ടുണ്ടാകുമല്ലോ.

പുറമേനിന്നു വന്ന ജനങ്ങൾക്ക് ധാരാളം ജോലികൾ അതും കുറഞ്ഞ വേതനത്തിന് നൽകുന്നതിൽ തദ്ദേശീയ ജനങ്ങളുടെ ഭാഗത്തുനിന്നും എതിർപ്പുകൾ ഉയരുന്നതിനിടയാക്കും. ചില ജോലികൾ സംസ്ഥാനത്തു നിന്നുള്ളവർക്കു മാത്രമായി അല്ലെങ്കിൽ പ്രാദേശികഭാഷ അറിയുന്നവർക്കുമാത്രമായി ക്ലിപ്തപ്പെടുത്തണമെന്ന ആവശ്യം ഉയർന്നു വരാം. രാഷ്ട്രീയപ്പാർട്ടികൾ ഈ പ്രശ്നം ഏറ്റെടുക്കുകയും ചെയ്തേക്കാം. പുറമെ നിന്നുള്ളവർക്കെതിരായ ചെറുത്തുനിൽപ്പുകൾ സംഘടിത ആക്രമണത്തിന്റെ സ്വഭാവം പോലും കൈവരിക്കാം. ഇന്ത്യയിലെ ഏതാണ്ട് എല്ലാ പ്രദേശങ്ങളിലും അത്തരം പ്രസ്ഥാനങ്ങൾ കാണാൻ കഴിയും. ഇത്തരം പ്രസ്ഥാനങ്ങളെ എപ്പോഴെങ്കിലും ന്യായീകരിക്കാൻ കഴിയുമോ?

മറ്റുരാജ്യങ്ങളിൽ ഇന്ത്യൻ തൊഴിലാളികൾ തദ്ദേശീയരായ ജനങ്ങളുടെ മോശം പെരുമാറ്റത്തിന് ഇരയായാൽ നാമെല്ലാവരും ധാർമികരോഷം കൊള്ളാറുണ്ട്. വിദഗ്ധരും അഭ്യസ്തവിദ്യരുമായ തൊഴിലാളികൾക്ക് തൊഴിലിനുവേണ്ടി കുടിയേറുവാനുള്ള അവകാശവുമുണ്ടെന്ന് നമുക്ക് തോന്നാം. തൊഴിലാളികളെ ആകർഷിക്കാനുള്ള ശേഷിയുടെ അടിസ്ഥാനത്തിൽ രാജ്യങ്ങൾ അഭിമാനിക്കുന്നുണ്ടാകും. എന്നാൽ, ഒരു പ്രദേശത്ത് തൊഴിലവസരങ്ങൾ കുറവാണെങ്കിൽ തദ്ദേശവാസികൾ പുറമെ നിന്നുള്ളവരുടെ മത്സരത്തിൽ അമർഷം കാണിക്കും. സഞ്ചാരസ്വാതന്ത്ര്യത്തിനുള്ള അവകാശത്തിൽ രാജ്യത്തിന്റെ ഏതുഭാഗത്തും ജീവിക്കാനും തൊഴിൽചെയ്യാനുമുളള അവകാശം ഉൾക്കൊള്ളുന്നുണ്ടോ ? നാം പരിഗണിക്കേണ്ടതായ മറ്റൊരുകാര്യം ദരിദ്രകുടിയേറ്റക്കാരോടും വിദഗ്ധരായ കുടിയേറ്റക്കാരോടുമുള്ള പ്രതികരണത്തിൽ ചിലപ്പോൾ വ്യത്യാസമുണ്ടാവാം എന്നതാണ്.

നമ്മുടെ പ്രദേശത്തേയ്ക്ക് കടന്നു വരുന്ന ദരിദ്രകുടിയേറ്റക്കാരെ സ്വീകരിക്കാൻ വിമുഖത കാണിക്കുമ്പോൾ വിദഗ്ധരും സമ്പന്നരുമായവരെ രണ്ടുകയ്യും നീട്ടി സ്വീകരിക്കാൻ നാം തയ്യാറാകും. ദരിദ്രരും അവിദഗ്ധരുമായ തൊഴിലാളികൾക്ക് വിദഗ്ധ തൊഴിലാളികളെപ്പോലെതന്നെ രാജ്യത്തെവിടെയും ജീവിക്കാനും തൊഴിൽ ചെയ്യാനുമുള്ള അവകാശം ഇല്ലേ എന്ന ചോദ്യം ഇതുയർത്തുന്നു. ഇന്ന് നമ്മുടെ രാജ്യത്ത് എല്ലാ പൗരൻമാരുടെയും പൂർണവും തുല്യവുമായ അംഗത്വവുമായി ബന്ധപ്പെട്ട് നടക്കുന്ന സംവാദങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള ചില പ്രശ്നങ്ങൾ ഇവയൊക്കെയാണ്.

**കുടിയേറ്റത്തൊഴിലാളികളുടെ അഭാവത്തിൽ ഒരു ഇന്ത്യൻ മധ്യവർഗ നഗരവാസിയുടെ ഒരു ദിവസത്തെ ജീവിതം**



ജനാധിപത്യരാജ്യങ്ങളിൽപ്പോലും ചിലപ്പോൾ തർക്കങ്ങൾ ഉയർന്നുവരാറുണ്ട്. എങ്ങനെ ഇത്തരം തർക്കങ്ങൾക്ക് പരിഹാരം കാണാനാകും. പ്രതിഷേധിക്കാനുള്ള സ്വാതന്ത്ര്യം നമ്മുടെ ഭരണഘടന പൗരന് ഉറപ്പുനൽകുന്ന ആശയപ്രകടന സ്വാതന്ത്ര്യത്തിന്റെ ഒരു ഭാഗമാണ്. എന്നാൽ അത്തരം പ്രതിഷേധങ്ങൾ മറ്റുള്ളവരുടെ ജീവനോ സ്വത്തിനോ രാഷ്ട്രത്തിനോ ഹാനിയുണ്ടാക്കാൻ പാടില്ല. കൂട്ടായ്മകൾ രൂപീകരിച്ചും പ്രകടനങ്ങൾ നടത്തിയും മാധ്യമങ്ങളെ ഉപയോഗപ്പെടുത്തിയും രാഷ്ട്രീയകക്ഷികളോട് അഭ്യർഥിച്ചും അല്ലെങ്കിൽ കോടതിയെ സമീപിച്ചും പൗരന് പൊതുജനാഭിപ്രായത്തെയും ഗവൺമെന്റ് നയങ്ങളെയും വിചാരണ ചെയ്യാനും സ്വാധീനിക്കുവാനും സ്വാതന്ത്ര്യമുണ്ട്. കോടതികൾ തങ്ങളുടെ മുൻപിലെത്തുന്ന വിഷയങ്ങളിൽ തീർപ്പു കൽപ്പിക്കുകയോ ഗവൺമെന്റിനെ അത്തരം പ്രശ്നം കൈകാര്യം ചെയ്യാൻ പ്രേരിപ്പിക്കുകയോ ചെയ്യാം.

അതൊരു മന്ദഗതിയിലുള്ള പ്രക്രിയയായിരിക്കാം. എന്നാൽ, വ്യത്യസ്തനിലയിലുള്ള വിജയം ചിലപ്പോൾ സാധ്യമാണ്. എല്ലാ പൗരനും പൂർണവും തുല്യവുമായ അംഗത്വം നൽകുക എന്ന തത്വം മനസിൽ സൂക്ഷിക്കുകയാണെങ്കിൽ ഒരു സമൂഹത്തിൽ കാലാകാലങ്ങളിലുണ്ടാവുന്ന പ്രശ്നങ്ങൾക്ക് സ്വീകാര്യമായ പരിഹാരങ്ങളിൽ എത്തിച്ചേരാൻ കഴിയും. ബലപ്രയോഗത്തിനുപകരം കൂടിയാലോചനയിലൂടെയും ചർച്ചകളിലൂടെയും അത്തരം തർക്കങ്ങൾ പരിഹരിക്കണമെന്നതാണ് ജനാധിപത്യത്തിന്റെ അടിസ്ഥാനതത്വം. ഇത് പൗരത്വത്തിന്റെ നിയമപരമായ ഒരു ബാദ്ധ്യതയാണ്.



**നമുക്ക് ചിന്തിക്കാം**

പൗരന് രാജ്യത്തെവിടെയും സഞ്ചരിക്കുന്നതിനും തൊഴിൽ ചെയ്യുന്നതിനും ഉള്ള സ്വാതന്ത്ര്യത്തിന് അനുകൂലമായും പ്രതികൂലമായും ഉള്ള വാദഗതികൾ പരിശോധിക്കുക.

- ഒരു പ്രദേശത്ത് ദീർഘകാലമായി അധിവസിക്കുന്നവർക്ക് തൊഴിലിനും ജീവിത സൗകര്യങ്ങൾക്കും മുൻഗണന നൽകേണ്ടതുണ്ടോ?
- അഥവാ തൊഴിലധിഷ്ഠിതകോളേജുകളിലേക്കുള്ള പ്രവേശനത്തിന് മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള വിദ്യാർഥികൾക്ക് നിശ്ചിത പങ്ക് സീറ്റുകൾ നീക്കിവയ്ക്കാൻ സംസ്ഥാനങ്ങളെ അനുവദിക്കണോ?

### 6.3 തുല്യാവകാശങ്ങൾ (Equal Rights)

ഈ ഭാഗത്ത് പൗരത്വത്തിന്റെ മറ്റൊരു വശമാണ് നാം പരിശോധിക്കുക. അതായത്, എല്ലാ പൗരന്മാർക്കും, സമ്പന്നനോ ദരിദ്രനോ ആവട്ടെ ചില അടിസ്ഥാന അവകാശങ്ങളും നിശ്ചിത ജീവിതസാഹചര്യങ്ങളും രാഷ്ട്രം ഉറപ്പുനൽകണമെന്നാണോ പൂർണവും തുല്യവുമായ അംഗത്വം എന്നതുകൊണ്ട് അർഥമാക്കുന്ന

ത്? ഈ പ്രശ്നം ചർച്ചചെയ്യുന്നതിന് ഒരു വിഭാഗം ജനങ്ങളെ നാം ശ്രദ്ധിക്കണം, അതായത് ദരിദ്രരായ നഗരവാസികളെ. ഗവൺമെന്റ് ഇന്നഭിമുഖീകരിക്കുന്ന അടിയന്തിര പ്രശ്നങ്ങളിലൊന്നാണ് നഗരങ്ങളിലെ ദരിദ്രരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുകയെന്നത്.

ഇന്ത്യയിലെ എല്ലാ നഗരങ്ങളിലും ചേരിനിവാസികളും അനധികൃത താമസക്കാരുമായ ധാരാളം ജനങ്ങളുണ്ട്. അവശ്യവും പ്രയോജനകരവുമായ ജോലികൾ പലപ്പോഴും നിസ്സാരവേതനത്തിന് അവർ ചെയ്യുന്നുണ്ട്. എങ്കിലും നഗരത്തിലെ ഇതരജനവിഭാഗങ്ങൾക്ക് അവർ സ്വീകാര്യരല്ല. നഗരത്തിലെ വിഭവങ്ങൾ ഊറ്റിയെടുക്കുന്നവരായോ കുറ്റകൃത്യവും രോഗങ്ങളും പരത്തുന്നവരായോ അവരെ നഗരവാസികൾ കുറ്റപ്പെടുത്തുന്നു.

### പൗരത്വം, സമത്വം, അവകാശങ്ങൾ

പൗരത്വം നിയമപരമായ ആശയം മാത്രമല്ല. സമത്വം, അവകാശങ്ങൾ തുടങ്ങിയ മഹത്തായ ആശയങ്ങളുമായി അതിന് അടുത്ത ബന്ധമുണ്ട്. ഈ ബന്ധത്തിന്റെ വിപുലമായി അംഗീകരിക്കപ്പെട്ടതും സ്പഷ്ടമായതുമായ വിവരണം നൽകിയത് ബ്രിട്ടീഷ് സമൂഹ ശാസ്ത്രജ്ഞനായ (Sociologist) റ്റിഎച്ച് മാർഷൽ (1893–1981) ആണ്. മാർഷൽ 1950 ലെ പൗരത്വവും സാമൂഹിക വർഗ്ഗങ്ങളും (Citizenship and Social Class) എന്ന പുസ്തകത്തിൽ പൗരത്വത്തെ ഇപ്രകാരം നിർവചിക്കുന്നു. ഒരു സമുദായത്തിലെ പൂർണ്ണ അംഗങ്ങളായവർക്ക് കൽപ്പിച്ച് നൽകിയിട്ടുള്ള ഒരു പദവിയാണിത്. ഈ പദവിക്ക് അർഹരായ എല്ലാവരും അവകാശങ്ങളുടെയും കടമകളുടെയും കാര്യത്തിൽ തുല്യരാവും.

മാർഷൽ മുന്നോട്ടു വച്ച പൗരത്വ സങ്കൽപ്പത്തിലെ മുഖ്യമായ ആശയം സമത്വമാണ്. രണ്ടു കാര്യങ്ങളാണ് ഇതുകൊണ്ടർത്ഥമാക്കുന്നത്. ഒന്നാമതായി നൽകിയിരിക്കുന്ന അവകാശങ്ങളുടെയും കടമകളുടെയും ഗുണമേന്മ മെച്ചപ്പെടുന്നു. രണ്ടാമതായി അവ നൽകിയിട്ടുള്ള ജനങ്ങളുടെ എണ്ണവും ഉയരുന്നു.

മാർഷലിന്റെ നോട്ടത്തിൽ പൗരത്വത്തിൽ മൂന്നു തരം അവകാശങ്ങൾ ഉൾക്കൊള്ളുന്നു. പൗരാവകാശം, രാഷ്ട്രീയ അവകാശം, സാമൂഹിക അവകാശം.

വ്യക്തിയുടെ ജീവൻ, സ്വാതന്ത്ര്യം, സ്വത്ത് എന്നിവക്ക് പൗരാവകാശം സംരക്ഷണം നൽകുന്നു. ഭരണപ്രക്രിയയിൽ പങ്കാളിയാകാൻ രാഷ്ട്രീയ അവകാശം പൗരനെ പ്രാപ്തനാക്കുന്നു. സാമൂഹ്യ അവകാശത്തിലൂടെ വിദ്യാഭ്യാസം, തൊഴിൽ തുടങ്ങിയവ കൈവരിക്കാൻ വ്യക്തിക്ക് കഴിയുന്നു. അവയെല്ലാം കൂടി അന്തസ്സോടെയുള്ള ജീവിതം പൗരന് സാദ്ധ്യമാക്കുന്നു.

സാമൂഹിക വർഗ്ഗങ്ങളെ അസമത്വത്തിന്റെ വ്യവസ്ഥയായാണ് മാർഷൽ കാണുന്നത്. വർഗശ്രേണിയുടെ ഭിന്നതയുണ്ടാക്കുന്ന ഫലങ്ങളെ എതിർത്തുകൊണ്ട് പൗരത്വം സമത്വം ഉറപ്പാക്കുന്നു. നല്ല ഏകോപനവും യോജിപ്പും ഉള്ള ഒരു സമൂഹസൃഷ്ടിയെ അത് ഇത്തരത്തിൽ പരിപോഷിപ്പിക്കുന്നു.

ചേരികളിലെ അവസ്ഥ പലപ്പോഴും നടുക്കമുളവാക്കുന്നതാണ്. സ്വന്തമായ ശൗചാലയങ്ങളോ ശുദ്ധജലമോ ശുചിത്വപാലനത്തിന് സൗകര്യമോ ഇല്ലാതെ ധാരാളം ജനങ്ങൾ ചെറിയ മുറികളിൽ തിങ്ങിഞെരുങ്ങി ജീവിക്കുന്നു. ചേരിയിൽ അവരുടെ ജീവനും സ്വത്തും സുരക്ഷിതമല്ല. എന്നിരുന്നാലും ചേരി നിവാസികൾ തങ്ങളുടെ അധ്വാനത്തിലൂടെ സമ്പദ്‌വ്യവസ്ഥക്ക് വലിയ സംഭാവനകൾ നൽകുന്നു. അവർ ചിലപ്പോൾ വഴിവാണിഭക്കാരോ ചെറുകിടവ്യാപാരികളോ ശുചീകരണത്തൊഴിലാളികളോ വീട്ടുജോലിക്കാരോ പ്ലമ്പർമാരോ യന്ത്ര സാമഗ്രികൾ നന്നാക്കുന്നവരോ ആവാം അതല്ലെങ്കിൽ ചൂരൽ നെയ്ത്ത്, ടെക്സ്റ്റൈൽ പ്രിന്റിംങ്, തുന്നൽ തുടങ്ങി ചെറിയ തൊഴിലുകൾ ചെയ്യുന്നവരോ ആകാം. ശുചീകരണം,

## പൗരത്വം, സമത്വം അവകാശങ്ങൾ

◆ ഒരു സാമൂഹ്യപ്രവർത്തകനായ (Social Activist) ഓൾഗാ റെല്ലിസ് മുംബൈ മുനിസിപ്പൽ കോർപ്പറേഷനെതിരെ 1985 ൽ ഫയൽ ചെയ്ത പൊതു താൽപര്യ ഹർജിയിൽ അവിടുത്തെ ചേരിനിവാസികളുടെ അവകാശങ്ങളെ സംബന്ധിച്ച് സുപ്രീംകോടതി ഒരു സുപ്രധാന വിധി പുറപ്പെടുവിച്ചു. അവരുടെ ജോലി സ്ഥലത്തിനു സമീപം പകരം താമസസൗകര്യം ഒന്നും ലഭ്യമല്ലാത്തതിനാൽ നിരത്തുവക്കിലോ, ചേരികളിലോ താമസിക്കാൻ അവകാശമുണ്ടെന്ന് ഹർജി അഭിപ്രായപ്പെട്ടു. അതുപോലെ, അവിടെനിന്നും മാറാൻ നിർബന്ധിതമായാൽ അവർക്ക് ഉപജീവനമാർഗവും നഷ്ടമാകും. സുപ്രീംകോടതി പറഞ്ഞു. "ജീവിക്കാനുള്ള അവകാശം ഉറപ്പുനൽകുന്ന ഭരണഘടനയുടെ 21 ാം വകുപ്പിൽ തന്നെ ഉപജീവനത്തിനുള്ള അവകാശവും ഉൾക്കൊള്ളുന്നു. അതുകൊണ്ടുതന്നെ നിരത്തുവക്കിൽ താമസിക്കുന്നവരെ ഒഴിപ്പിക്കണമെങ്കിൽ പാർപ്പിടത്തിനുള്ള അവകാശം അനുസരിച്ച് ആദ്യം അവർക്ക് പകരം വാസസ്ഥലം നൽകണം." ◆

ജലവിതരണം തുടങ്ങിയ സേവനങ്ങൾ ചേരി നിവാസികൾക്ക് നൽകുന്നതിന് പലപ്പോഴും നഗര ഭരണകൂടം അൽപം പോലും പണം ചിലവഴിക്കാറില്ല.

ഗവൺമെന്റുകൾ, ഗവൺമെന്റിതര സംഘടനകൾ (NGO), മറ്റ് ഏജൻസികൾ എന്നിവർക്കിടയിലും, ചേരി നിവാസികൾക്കിടയിൽത്തന്നെയും നഗരങ്ങളിലെ ദരിദ്രരുടെ അവസ്ഥയെക്കുറിച്ചുള്ള അവബോധം വളർന്നുവരുന്നുണ്ട്. ഉദാഹരണത്തിന്, 2004 ജനുവരിയിൽ നഗരങ്ങളിലെ പാതയോര കച്ചവടക്കാർക്കുവേണ്ടിയുള്ള ഒരു ദേശീയ നയത്തിന് രൂപം നൽകി. വൻനഗരങ്ങളിൽ ലക്ഷക്കണക്കിന് പാതയോരകച്ചവടക്കാർ ഉണ്ട്. പോലീസിൽനിന്നും നഗര ഭരണാധികാരികളിൽ നിന്നും അവർക്ക് മിക്കപ്പോഴും ഉപദ്രവം ഏൽക്കേണ്ടതായും വരുന്നു. ഗവൺമെന്റിന്റെ നിയന്ത്രണങ്ങൾ പാലിക്കുന്നിടത്തോളം പീഡനം കൂടാതെ തങ്ങളുടെ തൊഴിൽ മുന്നോട്ടുകൊണ്ടുപോകുവാൻ പ്രാപ്തമാക്കുന്ന തരത്തിൽ പാതയോരകച്ചവടക്കാർക്ക് അംഗീകാരവും നിയമപരമായ ക്രമീകരണവുമാണ് ദേശീയനയം ലക്ഷ്യമിടുന്നത്.

ചേരിനിവാസികൾ അവരുടെ അവകാശങ്ങളെക്കുറിച്ച് ബോധവാൻമാരാകുകയും അവ സംരക്ഷിക്കുന്നതിനുവേണ്ടി സംഘടിക്കുവാനും തുടങ്ങിയിട്ടുണ്ട്. ഈ ലക്ഷ്യത്തോടെ അവർ കോടതികളെയും സമീപിക്കുന്നു. അടിസ്ഥാനരാഷ്ട്രീയാവകാശമായ വോട്ടവകാശം വിനിയോഗിക്കുക അവർക്ക് വിഷമകരമാകും. എന്തുകൊണ്ടെന്നാൽ, വോട്ടർപട്ടികയിൽ പേരുൾപ്പെടുത്തുന്നതിന് സ്ഥിരമായ ഒരു മേൽവിലാസം ആവശ്യമാണ്. അനധികൃതതാമസക്കാർക്കും പാതയോരത്ത് അന്തിയുറങ്ങുന്നവർക്കും ഇത് നൽകുക സാദ്ധ്യമല്ല.

നമ്മുടെ സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ടിരിക്കുന്ന മറ്റൊരുകൂട്ടം ജനങ്ങളാണ് ഗോത്രവർഗവിഭാഗങ്ങളും വനവാസികളും. വനത്തെയും മറ്റു പ്രകൃതിവിഭവങ്ങളെയും ആശ്രയിച്ചാണ് ഇവർ ഉപജീവനം കണ്ടെത്തുന്നത്. അവരിൽ പലരുടേയും ജീവിത രീതിയും ഉപജീവനവും വർധിച്ചുവരുന്ന ജനസംഖ്യയുടെ സമ്മർദത്താലും ഭൂമിയ്ക്കും വിഭവങ്ങൾക്കും വേണ്ടിയുള്ള അന്വേഷണത്താലും ഭീഷണി നേരിടുന്നു. ടൂറിസം വ്യവസായം പോലെ തന്നെ വനങ്ങളിലും തീരങ്ങളിലും ഉള്ള വിഭവങ്ങൾ ഖനനം ചെയ്തെടുക്കാനുള്ള വാണിജ്യതാൽപര്യങ്ങളുടെ സമ്മർദവും

വനവാസികളെയും ഗോത്രജനവിഭാഗങ്ങളുടെയും ഉപജീവനത്തിന് ഭീഷണി ഉയർത്തുന്നു. രാഷ്ട്രവികസനത്തെ തടസപ്പെടുത്താതെ ഈ വിഭാഗം ജനങ്ങളെയും അവരുടെ ആവാസ വ്യവസ്ഥയെയും എങ്ങനെ സംരക്ഷിക്കാം എന്ന പ്രശ്നമാണ് ഇന്ന് ഗവൺമെന്റുകളെ അലട്ടുന്നത്. ഗോത്രവർഗജനങ്ങളെ മാത്രമല്ല എല്ലാ പൗരൻമാരെയും ബാധിക്കുന്ന ഒരു പ്രശ്നമാണിത്.

തുല്യാവകാശങ്ങളും അവസരവും എല്ലാ പൗരൻമാർക്കും ഉറപ്പാക്കുക എന്നത് ഒരു ഗവൺമെന്റിനും അത്ര എളുപ്പമുള്ള കാര്യമല്ല. വിവിധവിഭാഗം ജനങ്ങൾക്ക് വ്യത്യസ്തമായ ആവശ്യങ്ങളും പ്രശ്നങ്ങളുമാണ് ഉള്ളത്. ഒരു വിഭാഗത്തിന്റെ അവ



### നമുക്ക് ചിന്തിക്കാം

സിംബാബ്‌വേയിലെ ഭൂമിയുടെ വിതരണത്തെക്കുറിച്ച് ഔദ്യോഗികമായി പ്രസിദ്ധീകരിച്ച കണക്കുകൾ അനുസരിച്ച് 4400 വെള്ളക്കാരായ കുടുംബങ്ങൾ രാജ്യത്തെ 32 % കൃഷിഭൂമിയ്ക്ക് ഉടമകളാണ്. ഇത് 10 m ഹെക്ടർ വരും. എന്നാൽ പത്തുലക്ഷം കറുത്തവർഗക്കാരായ കർഷകകുടുംബങ്ങൾക്ക് 16 m ഹെക്ടർ സ്ഥലത്തിനുമേൽ മാത്രമാണ് ഉടമസ്ഥാവകാശം. അത് മൊത്തം ഭൂമിയുടെ 38 % മാണ്. വെള്ളക്കാരുടെ കൈവശമുള്ള ഭൂമി ഫലഭൂയിഷ്ടവും ജലസേവന സൗകര്യം ഉള്ളവയുമാണ്. എന്നാൽ കറുത്തവരുടെ കൈവശമുള്ള ഭൂമിയാകട്ടെ ഫലഭൂയിഷ്ടമല്ലാത്തതും ജലസേചനസൗകര്യം ഇല്ലാത്തവയുമാണ്. ഭൂവുടമസ്ഥാവകാശത്തിന്റെ ചരിത്രം പരിശോധിച്ചു കഴിഞ്ഞാൽ ഒരു നൂറ്റാണ്ടുമുൻപ് തദ്ദേശവാസികളിൽ നിന്നും ഫലഭൂയിഷ്ടമായ മണ്ണ് വെള്ളക്കാർ പിടിച്ചു വാങ്ങിയതാണ് എന്ന് സ്പഷ്ടമായി മനസിലാവും. വെള്ളക്കാർ തലമുറകളായി സിംബാബ്‌വേയിൽ താമസിക്കുകയും സിംബാബ്‌വേപൗരന്മാരായി തങ്ങളെ കണക്കാക്കുകയും ചെയ്യുന്നു. മൊത്തം ജനസംഖ്യയുടെ 0.06 ശതമാനം മാത്രമാണ് സിംബാബ്‌വേയിലെ വെള്ളക്കാർ. 1997 ൽ സിംബാബവേയുടെ പ്രസിഡന്റ് റോബർട്ട് മുഗാബെ ഏകദേശം 1500 കൃഷിയിടങ്ങൾ ഏറ്റെടുക്കുന്നതിനുള്ള പദ്ധതി പ്രഖ്യാപിച്ചു.

സിംബാബ്‌വേയിലെ വെളുത്തവരും കറുത്തവരുമായ പൗരന്മാരുടെ അവകാശവാദങ്ങളെ പിൻതുണയ്ക്കുന്നതിനും എതിർക്കുന്നതിനും പൗരത്വത്തെ സംബന്ധിച്ച എന്തെല്ലാം ആശയങ്ങളാണ് നിങ്ങൾ മുന്നോട്ട് വയ്ക്കുക?.

### നമുക്കിതു ചെയ്യാം

നിങ്ങളുടെ വീടിനോ സ്കൂളിനോ അടുത്തുള്ള മൂന്നു തൊഴിലാളികുടുംബങ്ങളുടെ സർവേ നടത്തുക. അവരുടെ ജീവിതത്തിന്റെ വിശദാംശങ്ങൾ കണ്ടെത്തുക. അവരുടെ മുൻഗാമികളുടെ വാസസ്ഥലം എവിടെയായിരുന്നു? എപ്പോൾ എന്തുകൊണ്ടാണ് അവർ ഇവിടേക്കു വന്നത്? അവർ എവിടെയാണ് താമസിക്കുന്നത്? എത്രപേർ താമസ സ്ഥലം പങ്കു വയ്ക്കുന്നുണ്ട്? എന്തെല്ലാം തരത്തിലുള്ള സൗകര്യങ്ങളാണ് അവർക്ക് ലഭ്യമാകുന്നത്? അവരുടെ കുട്ടികൾ സ്കൂളിൽ പോകുന്നുണ്ടോ?

കാശങ്ങൾ മറ്റുള്ളവരുടെതുമായി സംഘർഷത്തിലേർപ്പെട്ടേക്കാം. പൗരന് തുല്യാവകാശങ്ങൾ എന്നതുകൊണ്ട് എല്ലാവർക്കും ബാധകമായ ഏകീകൃതനയങ്ങൾ എന്നർത്ഥമാക്കണമെന്നില്ല. കാരണം, വിവിധവിഭാഗം ജനങ്ങൾക്ക് വ്യത്യസ്ത ആവശ്യങ്ങളാണ് ഉള്ളത്. എല്ലാ ജനങ്ങൾക്കും ഒരേ രീതിയിൽ ബാധകമായ നയങ്ങൾക്ക് രൂപം നൽകുകയല്ല മറിച്ച് എല്ലാ ജനങ്ങളെയും കൂടുതൽ തുല്യരാക്കുകയാണ് ലക്ഷ്യമെങ്കിൽ ജനങ്ങളുടെ വ്യത്യസ്തമായ ആവശ്യങ്ങളും അവകാശവാദങ്ങളും അത്തരം നയങ്ങൾ രൂപീകരിക്കുമ്പോൾ കണക്കിലെടുക്കണം.

ഈ ചർച്ചയിൽ നിന്നും വ്യക്തമാകുന്നതെന്തെന്നാൽ ലോകസാഹചര്യത്തിലും സമ്പദ്‌വ്യവസ്ഥയിലും സമൂഹത്തിലും ഉണ്ടായ മാറ്റങ്ങൾ പൗരത്വത്തിന്റെ അർത്ഥത്തിലും പൗരാവകാശത്തിനും പുതിയ വ്യാഖ്യാനങ്ങൾ ആവശ്യപ്പെടുന്നുണ്ടെന്നാണ്. പൗരത്വത്തെ സംബന്ധിക്കുന്ന ഔപചാരികനിയമങ്ങൾ ഒരു തുടക്കം മാത്രവും എന്നാൽ നിയമങ്ങളുടെ വ്യാഖ്യാനം തുടർച്ചയായി രൂപപ്പെടുകയും ചെയ്യുന്നു. ഉയർന്നു വരുന്ന ചില പ്രശ്നങ്ങൾക്ക് ഉത്തരം കണ്ടെത്തുക എളുപ്പമായിരിക്കില്ല. എല്ലാവർക്കും തുല്യാവകാശങ്ങളും സംരക്ഷണവും നൽകുകയാണ് ഗവൺമെന്റ് നയങ്ങളുടെ മാർഗതത്വം എന്നാണ് തുല്യപൗരത്വം കൊണ്ടർഥമാക്കുന്നത്.

## 6.4 പൗരനും ദേശരാഷ്ട്രവും (Citizen and Nation)

ദേശരാഷ്ട്രം എന്ന ആശയം ഉരുത്തിരിഞ്ഞത് ആധുനികകാലത്താണ്. ദേശരാഷ്ട്രത്തിന്റെ പരമാധികാരം, പൗരന്റെ ജനാധിപത്യ അവകാശങ്ങൾ തുടങ്ങിയവ ഉറപ്പിച്ചുപറഞ്ഞ ആദ്യകാലസംഭവങ്ങളിൽ ഒന്നാണ് 1789 ലെ ഫ്രഞ്ച് വിപ്ലവം. തങ്ങളുടെ രാഷ്ട്ര അതിർത്തികൾ നിശ്ചയിക്കപ്പെട്ടത് വെറുതെ ഒരു ഭൂപ്രദേശം എന്ന നിലക്കല്ലെന്നും മറിച്ച് തനതായ ഒരു സംസ്കാരം, പൊതുവായ ചരിത്രം തുടങ്ങിയവ അടിസ്ഥാനമാക്കിയാണെന്നും ദേശരാഷ്ട്രങ്ങൾ അവകാശപ്പെടുന്നു. ദേശീയപതാക, ദേശീയഗാനം, ദേശീയഭാഷ അല്ലെങ്കിൽ ചില ആചാരപരമായ ചടങ്ങുകൾ എന്നിങ്ങനെയുള്ള ബിംബങ്ങളിലൂടെ ദേശീയസ്വത്വം പ്രകടിപ്പിക്കപ്പെടാം.

ആധുനികരാഷ്ട്രങ്ങളെല്ലാം തന്നെ വ്യത്യസ്തമതങ്ങളും, ഭാഷകളും സാംസ്കാരിക പാരമ്പര്യങ്ങളും ഉൾക്കൊള്ളുന്നവയാണ്. എന്നാൽ ഒരു ജനാധിപത്യരാഷ്ട്രത്തിന്റെ ദേശീയസ്വത്വം രാഷ്ട്രത്തിലെ എല്ലാ അംഗങ്ങൾക്കും പങ്കുവെയ്ക്കാവുന്ന തരത്തിലുള്ള ഒരു രാഷ്ട്രീയസ്വത്വം പൗരന് പ്രദാനം ചെയ്യുമെന്ന് കരുതപ്പെടുന്നു. അതുകൊണ്ടു തന്നെ സാധ്യമായത്ര എല്ലാവരെയും ഉൾക്കൊള്ളാൻ കഴിയുന്ന തരത്തിലാണ് ജനാധിപത്യരാഷ്ട്രങ്ങൾ ദേശീയതയെ നിർവചിക്കാൻ ശ്രമിക്കുന്നത്. അതായത് പൗരനെ രാഷ്ട്രത്തിന്റെ ഭാഗമായി തിരിച്ചറിയുവാൻ അതനുവദിക്കുന്നു. എന്നാൽ, പ്രായോഗികതലത്തിൽ മിക്കവാറും എല്ലാ രാജ്യങ്ങളും തങ്ങളുടെ സ്വത്വത്തെ നിർവചിക്കാൻ ശ്രമിക്കുന്നത് ഒരു വിഭാഗം പൗരന്മാർക്ക് മറ്റുള്ളവരെക്കാൾ രാഷ്ട്രവുമായി ചേർന്നുനിൽക്കാൻ കഴിയുന്ന രീതിയിലാണ്.

എല്ലാവരിലേക്കുമല്ലാതെ ഒരു വിഭാഗം ജനങ്ങളിലേക്ക് പൗരത്വം എളുപ്പത്തിൽ വ്യാപിപ്പിക്കുവാൻ രാഷ്ട്രത്തെ അത് സഹായിക്കുന്നു. മറ്റേതൊരു രാജ്യത്തെയും പോലെ കുടിയേറ്റക്കാരുടെ ഒരു രാഷ്ട്രമെന്ന് സ്വയം അഭിമാനിക്കുന്ന അമേരിക്ക പോലും പിന്തുടരുന്നത് സമാനമായ നയമാണ്.

ഉദാഹരണത്തിന് ഫ്രാൻസ് മതേതരവും എല്ലാവരെയും ഉൾക്കൊള്ളുകയും ചെയ്യുന്ന രാഷ്ട്രമായി സ്വയം അവകാശപ്പെടുന്നു. യൂറോപ്യൻ വംശജരെ മാത്ര മല്ല, വടക്കൻ ആഫ്രിക്കപോലെ മറ്റു മേഖലകളിൽനിന്ന് വന്നവരെയും അത് ഉൾക്കൊള്ളുന്നു. അതിന്റെ ദേശീയസ്വത്വത്തിന്റെ പ്രധാനസവിശേഷത സംസ്കാ രവും ഭാഷയുമാണ്. ഫ്രാൻസിലെ എല്ലാ പൗരന്മാരും തങ്ങളുടെ പൊതുജീവിത ത്തിൽ ഇത് സ്വാംശീകരിക്കുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു. എന്നിരുന്നാലും അവർക്ക് അവരുടെ സ്വകാര്യജീവിതത്തിൽ സ്വകാര്യമായ വിശ്വാസങ്ങളും ആചാരങ്ങളും നിലനിർത്താവുന്നതാണ്. ഇത് യുക്തിസഹമായ ഒരു നയമായി തോന്നാം. എന്നാൽ, എന്താണ് പൊതുവായത്, എന്താണ് സ്വകാര്യമായത് എന്ന് നിർവചിക്കുക അത്ര എളുപ്പമല്ല എന്നുമാത്രമല്ല ഇത് ചില വിവാദങ്ങൾക്ക് ഇടയാക്കിയിട്ടുമുണ്ട്. മതവി ശ്വാസം പൗരന്റെ സ്വകാര്യമേഖലയിൽ ഉൾപ്പെടുന്നതായി കരുതപ്പെടുന്നു. എന്നാൽ മതചിഹ്നങ്ങളും ആചാരങ്ങളും ചിലപ്പോൾ അവരുടെ പൊതുജീവി തത്തിലേക്ക് കടന്നുവരും. ഫ്രാൻസിലെ സ്കൂളുകളിൽ തലപ്പാവ് ധരിക്കാൻ അനു വദിക്കണമെന്ന സിഖ് ആൺകുട്ടികളുടെയും സ്കൂൾ യൂണിഫോമിനൊപ്പം മഫ്ത ധരിക്കാൻ അനുവദിക്കണമെന്ന മുസ്ലീം പെൺകുട്ടികളുടെയും ആവശ്യത്തെക്കു റിച്ച് നിങ്ങൾ കേട്ടിരിക്കുമല്ലോ. പൊതുവിദ്യാഭ്യാസരംഗത്തേക്ക് മതചിഹ്നങ്ങൾ കൊണ്ടുവരാൻ പാടില്ലെന്ന കാരണത്താൽ ചില സ്കൂളുകൾ ഇതനുവദിച്ചിരുന്നില്ല. അത്തരത്തിലുള്ള ആചാരങ്ങൾ നിഷ്കർഷിക്കാത്ത മതവിഭാഗത്തിൽപ്പെട്ടവർ സ്വാഭാവികമായും യാതൊരുപ്രശ്നവും നേരിടുകയില്ല. ഒന്നു കൂടി വ്യക്തമാക്കി യാൽ ദേശീയസംസ്കാരത്തിലേക്കുള്ള ചില വിഭാഗങ്ങളുടെ സ്വാംശീകരണം മറ്റുള്ളവരുടേതിനേക്കാൾ എളുപ്പമാണ്.

പുതിയ അപേക്ഷകർക്ക് പൗരത്വം നൽകുന്നതിനുള്ള മാനദണ്ഡം ഓരോ രാജ്യത്തും വ്യത്യസ്തമാണ്. ഇസ്രായേൽ, ജർമനി തുടങ്ങിയ രാജ്യങ്ങളിൽ പൗരത്വം അനുവദിക്കുന്നതിന് മതം, വംശം, തുടങ്ങിയ ഘടകങ്ങൾക്കാണ് മുൻതൂക്കം. ഒരു കാലത്ത് ജർമനിയിലേക്ക് വരുവാനും തൊഴിൽ ചെയ്യാനും പ്രോത്സാഹിപ്പിക്കപ്പെട്ടിരുന്ന ടർക്കിഷ് തൊഴിലാളികളുടെ ഭാഗത്തുനിന്നും ജർമ നിയിൽ ജനിച്ചുവളർന്ന അവരുടെ കുട്ടികൾക്ക് സ്വാഭാവികപൗരത്വം അനുവദി ക്കണമെന്ന ആവശ്യം നിരന്തരം ഉന്നയിക്കപ്പെടുന്നുണ്ട്. ഈ വിഷയം ഇപ്പോഴും ചർച്ച ചെയ്യപ്പെടുന്നുണ്ട്. എല്ലാവരെയും ഉൾക്കൊള്ളുന്നു എന്ന് സ്വയം അവകാ ശപ്പെടുന്ന ജനാധിപത്യ രാഷ്ട്രങ്ങളിൽ പോലും പൗരത്വത്തിനു മേൽ നിയന്ത്രണം കൊണ്ടു വരുന്നതിനുള്ള ഏതാനും ഉദാഹരണങ്ങളാണ് ഇവ.

**നമുക്ക് സംവാദം നടത്താം**

പൊതു യൂണിഫോം നിർബന്ധമാക്കുകയും, തലപ്പാവ് പോലെയുള്ള മതചിഹ്നങ്ങൾ പൊതുസ്ഥാപനങ്ങളായ സ്കൂളിലും സൈന്യത്തിലും നിരോധിക്കുന്നതും അഭികാമ്യമല്ല.

മതേതരജനാധിപത്യരാജ്യമായാണ് ഇന്ത്യ സ്വയം നിർവചിക്കപ്പെടുന്നത്. ഇന്ത്യൻ സ്വാതന്ത്ര്യസമരം വിശാല സ്വഭാവമുള്ള ഒന്നായിരുന്നു. വ്യത്യസ്ത മതവിഭാഗത്തിലും, പ്രദേശങ്ങളിലും സംസ്കാരത്തിലും ഉള്ള ജനങ്ങളെ ഒന്നിപ്പിക്കുവാൻ ബോധപൂർവമായ ശ്രമങ്ങൾ അത് നടത്തുകയുണ്ടായി. മുസ്ലീം ലീഗുമായുള്ള ഭിന്നതകൾ പരിഹരിക്കാൻ കഴിയാതെ വന്നപ്പോൾ 1947 ൽ ഇന്ത്യ വിഭജിക്കപ്പെട്ടു. മതേതരവും ഉൾക്കൊള്ളൽസ്വഭാവവുമുള്ള ഒരു രാഷ്ട്രത്തെ നിർമിക്കാൻ പ്രതിബദ്ധരായിരുന്ന ദേശീയനേതാക്കന്മാരെ അത് കൂടുതൽ ശക്തിപ്പെടുത്തിയതേയുള്ളൂ. ഈ നിശ്ചയദാർഢ്യം ഭരണഘടനയിൽ അവർ ഉൾപ്പെടുത്തുകയും ചെയ്തു.

ഒരു വൈവിധ്യപൂർണമായസമൂഹത്തെ ഉൾക്കൊള്ളുവാൻ ഇന്ത്യൻഭരണഘടന ശ്രമിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള വൈവിധ്യങ്ങൾ നിലനിർത്തുന്നതിന്റെ ഭാഗമായി പട്ടികജാതി പട്ടികവർഗങ്ങൾ, തുല്യാവകാശങ്ങൾ നേരത്തെ അനുഭവിച്ചിട്ടില്ലാത്ത വനിതകൾ, ആന്റമാൻ നിക്കോബാർ പോലെയുള്ള ദ്വീപുകളിലെ ആധുനികസംസ്കാരവുമായി ബന്ധപ്പെടാൻ കഴിയാത്ത ഒറ്റപ്പെട്ട സമുദായങ്ങൾ, ഇങ്ങനെ വിവിധ വിഭാഗങ്ങൾക്ക് പൂർണവും തുല്യവുമായ പൗരത്വം നൽകാൻ അത് ശ്രമിച്ചു. വിവിധ ഭാഷകൾ, മതങ്ങൾ, രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ കാണുന്ന ആചാരങ്ങൾ എന്നിവയ്ക്കെല്ലാം അനുയോജ്യമായ സ്ഥാനം കണ്ടെത്തുവാനും അത് പരിശ്രമിച്ചിട്ടുണ്ട്. വ്യക്തിപരമായ വിശ്വാസങ്ങൾ, ഭാഷകൾ, സാംസ്കാരികാനുഷ്ഠാനങ്ങൾ തുടങ്ങിയവ ഉപേക്ഷിക്കാതെ എല്ലാവർക്കും തുല്യാവകാശങ്ങൾ ഭരണഘടന നൽകിയിട്ടുണ്ട്. ഭരണഘടന നടത്തിയ സമാനതകളില്ലാത്ത ഒരു പരീക്ഷണമായിരുന്നു അത്. വ്യത്യസ്തപ്രദേശങ്ങളിലെ വ്യത്യസ്തഭാഷകളും മതങ്ങളുമുള്ള ജനങ്ങളെ ഉൾക്കൊള്ളാനുള്ള ഈ ശ്രമം ഡൽഹിയിലെ റിപ്പബ്ലിക് ദിന പരേഡിൽ പ്രതിഫലിക്കുന്നുണ്ട്.

പൗരത്വത്തെ സംബന്ധിച്ച വ്യവസ്ഥകൾ ഭരണഘടനയുടെ ഭാഗം III ലും പാർലമെന്റ് പാസാക്കിയ അനുബന്ധനിയമങ്ങളിലും കാണാൻ കഴിയും. ജനാധിപത്യപരവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ പൗരത്വസങ്കൽപ്പമാണ് ഭരണഘടന സ്വീകരിച്ചത്. ജനനം, പിന്തുടർച്ച, രജിസ്ട്രേഷൻ, സ്വാഭാവികവൽക്കരണം, ഭൂപ്രദേശങ്ങളുടെ കൂട്ടിച്ചേർക്കൽ (birth, descent, Registration, Naturalisation, inclusion of territory) എന്നീ മാർഗങ്ങളിലൂടെ ഇന്ത്യയിൽ പൗരത്വം ആർജിക്കാം. പൗരന്റെ അവകാശങ്ങളും കടമകളും ഭരണഘടനയിൽ പട്ടികപ്പെടുത്തിയിട്ടുണ്ട്. വംശം, ജാതി, ലിംഗം, ജന്മദേശം തുടങ്ങിയവ അടിസ്ഥാനമാക്കി രാഷ്ട്രം വിവേചനപരമായി പ്രവർത്തിക്കാൻ പാടില്ലെന്നുള്ള വ്യവസ്ഥയും അതിലുണ്ട്. മതഭാഷാന്യൂനപക്ഷങ്ങളുടെ അവകാശങ്ങളും അത് സംരക്ഷിക്കുന്നു.

എന്നിരുന്നാലും അത്തരത്തിലുള്ള ഉൾക്കൊള്ളൽവ്യവസ്ഥകൾ സമരങ്ങൾക്കും വിവാദങ്ങൾക്കും ഇടയാക്കിയിട്ടുണ്ട്. സ്ത്രീവിമോചനപ്രസ്ഥാനങ്ങൾ, ദളിത് പ്രസ്ഥാനങ്ങൾ, വികസനപദ്ധതികളാൽ പുറന്തള്ളപ്പെട്ട ജനതകളുടെ സമരങ്ങൾ ഇവയൊക്കെ പൗരത്വത്തിന്റെ പൂർണമായ അവകാശങ്ങൾ തങ്ങൾക്ക് നിഷേധിക്കപ്പെട്ടു എന്ന തോന്നലിന്റെ ഫലമാണ്. മുന്നോട്ട് പ്രവർത്തിക്കാനുള്ള ഒരു മാതൃകാപദ്ധതിയാണ് എല്ലാ രാജ്യങ്ങളിലും ജനാധിപത്യപൗരത്വമെന്ന് ഇന്ത്യയുടെ അനുഭവങ്ങൾ സൂചിപ്പിക്കുന്നു. സമൂഹം മാറുന്നതിനനുസരിച്ച് പുതിയ പ്രശ്നങ്ങളും ഉയർന്നുവരുന്നുണ്ട്. തങ്ങൾ പാർശ്വവൽക്കരിക്കപ്പെട്ടു എന്ന തോന്നലുള്ള വിഭാഗങ്ങളാണ് പുതിയ ആവശ്യങ്ങൾ ഉന്നയിക്കുക. ഒരു ജനാധിപത്യ രാഷ്ട്രത്തിൽ ഇത്തരം ആവശ്യങ്ങൾ കൂടിയാലോചനയിലൂടെ തീർപ്പുകൽപിക്കപ്പെടേണ്ടവയാണ്.

## 6.5 സാർവത്രികപൗരത്വം (UNIVERSAL CITIZENSHIP)

അഭയാർത്ഥികളെക്കുറിച്ചും നിയമവിരുദ്ധകുടിയേറ്റക്കാരെക്കുറിച്ചും ചിന്തിക്കുമ്പോൾ ധാരാളം ചിത്രങ്ങൾ മനസിലേക്ക് കടന്നുവരും. ഏഷ്യയിൽ നിന്നും ആഫ്രിക്കയിൽ നിന്നും ഏജന്റുമാർക്ക് പണം കൊടുത്ത് യൂറോപ്പിലേക്കോ, അമേരിക്കയിലേക്കോ കടക്കുന്ന ജനങ്ങളുടേതാണ് അതിലൊന്ന്. അപകടം വളരെക്കൂടുതലാണെങ്കിലും അതിന് അവർ തയ്യാറാണ്. യുദ്ധമോ, ഭക്ഷ്യക്ഷാമമോ മൂലം പുറന്തള്ളപ്പെട്ട ജനങ്ങളുടേതാണ് രണ്ടാമത്തെ ചിത്രം. അത്തരം ദൃശ്യങ്ങൾ ടെലിവിഷനിൽ സാധാരണമാണ്. സുഡാനിലെ 'ദർഫാർ' പ്രദേശത്തുള്ള അഭയാർഥികൾ, പലസ്തീനികൾ, ബർമക്കാർ, ബംഗ്ലാദേശികൾ അങ്ങനെ ഉദാഹരണങ്ങൾ നിരവധിയാണ്. തങ്ങളുടെ സ്വന്തം രാജ്യത്തോ അല്ലെങ്കിൽ അയൽരാജ്യങ്ങളിലോ അഭയാർത്ഥികളാകുവാൻ നിർബന്ധിതരായ ജനങ്ങളാണ് ഇവരെല്ലാം.

ഒരു രാജ്യത്ത് താമസിക്കുകയും തൊഴിൽ ചെയ്യുകയും പൗരത്വത്തിന് വേണ്ടി അപേക്ഷിക്കുകയും ചെയ്യുന്ന എല്ലാവർക്കും ആ രാഷ്ട്രത്തിന്റെ പൂർണമായ അംഗത്വം ലഭിക്കുമെന്നാണ് നാം പൊതുവെ കരുതുന്നത്. എല്ലാവരെയും ഉൾക്കൊള്ളുന്ന സാർവത്രികപൗരത്വത്തെ ധാരാളം രാഷ്ട്രങ്ങൾ പിന്തുണയ്ക്കുന്നുണ്ട്. എന്നിരുന്നാലും പൗരത്വം അനുവദിക്കുന്നതിന് രാഷ്ട്രങ്ങൾ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നു. ഇവ സാധാരണയായി ഭരണഘടനയിലും രാജ്യത്തെ നിയമങ്ങളിലും എഴുതിവയ്ക്കപ്പെട്ടിരിക്കും. അനഭിമതരായ സന്ദർശകരെ പുറത്തു നിർത്തുവാൻ രാഷ്ട്രം അവരുടെ ഈ അധികാരം ഉപയോഗിക്കുന്നു.

എന്നിരുന്നാലും, ഇത്തരത്തിലുള്ള നിയന്ത്രണങ്ങളും മതിലുകളും വേലികളും ഉണ്ടായിരുന്നിട്ടും ലോകത്ത് ധാരാളം ജനങ്ങൾ കുടിയേറുന്നുണ്ട്. യുദ്ധം, പീഡനം, ക്ഷാമം എന്നിവയാലും മറ്റു കാരണങ്ങളാലും ജനങ്ങൾ നിഷ്കാസിതരാകാറുണ്ട്. ഒരു രാഷ്ട്രവും അവരെ സ്വീകരിക്കാൻ തയ്യാറാകുന്നില്ലെങ്കിൽ, അവർക്ക് സ്വന്തം രാജ്യത്തേക്ക് തിരിച്ചുപോകാൻ കഴിയില്ലെങ്കിൽ അവർ രാഷ്ട്ര

രഹിതജനങ്ങളോ അഭയാർഥികളോ ആയി മാറും. അവർ നിയമവിരുദ്ധ കുടിയേറ്റക്കാരായി ക്യാമ്പുകളിൽ കഴിയാൻ നിർബന്ധിതരാവും. നിയമപരമായി തൊഴിൽ ചെയ്യാനോ കുട്ടികൾക്ക് വിദ്യാഭ്യാസം നൽകാനോ സ്വത്ത് സമ്പാദിക്കാനോ അവർക്ക് കഴിയില്ല. പ്രശ്നം അത്രമാത്രം ഗൗരവതരമാണ് എന്നതുകൊണ്ട് ഐക്യരാഷ്ട്രസംഘടന അവരെ സഹായിക്കുന്നതിനുവേണ്ടി അഭയാർഥികൾക്കു വേണ്ടിയുള്ള ഒരു ഹൈക്കമ്മീഷണറെ (High Commissioner for Refugees) നിയമിച്ചിട്ടുണ്ട്.

**നമുക്കിതു ചെയ്യാം**

ഇന്ത്യയിൽ ഇന്ന് ജീവിക്കുന്ന രാഷ്ട്രരഹിത ജനങ്ങളെ പട്ടികപ്പെടുത്തുക. അതിൽ ഏതെങ്കിലും ഒന്നിനെക്കുറിച്ച് ലഘുകുറിപ്പ് തയ്യാറാക്കുക.

ഒരു രാജ്യത്ത് എത്രമാത്രം ജനങ്ങൾക്ക് പൗരത്വം നൽകാം എന്ന പ്രശ്നത്തിൽ തീരുമാനം എടുക്കുക എന്നത് പല രാജ്യങ്ങൾക്കും മാനുഷികമായും രാഷ്ട്രീയമായും വിഷമകരമാണ്. പീഡനമോ യുദ്ധമോ മൂലം നാടുവിടുന്നവരെ സ്വീകരിക്കാൻ പല രാജ്യങ്ങൾക്കും സ്വന്തമായ നയങ്ങൾ ഉണ്ട്. എന്നാൽ രാജ്യസുരക്ഷയെ അപകടത്തിലാക്കുന്ന തരത്തിൽ കൈകാര്യം ചെയ്യാൻ കഴിയാത്തത്ര എണ്ണം ജനങ്ങളെ സ്വീകരിക്കാൻ ഒരു രാജ്യവും തയ്യാറാകില്ല. പീഡിതരായ ജനങ്ങൾക്ക് അഭയം നൽകുന്നതിൽ അഭിമാനിക്കുന്ന രാജ്യമാണ് ഇന്ത്യ. ദലൈലാമയ്ക്കും അദ്ദേഹത്തിന്റെ പിൻഗാമികൾക്കും 1959 ൽ ഇന്ത്യ അഭയം നൽകി. ഇന്ത്യയുടെ എല്ലാ അതിർത്തിയിലൂടെയും അയൽരാജ്യങ്ങളിൽ നിന്നും ജനങ്ങൾ ഇന്ത്യയിലേക്ക് പ്രവേശിക്കാറുണ്ട്. വർഷങ്ങളോളം അല്ലെങ്കിൽ തലമുറകളായി രാഷ്ട്രരഹിത ജനങ്ങളായി അഭയാർഥിക്യാമ്പുകളിൽ നിയമ വിരുദ്ധകുടിയേറ്റക്കാരായി അവർ ജീവിക്കും. അവരിൽ വളരെക്കുറച്ചു പേർക്കുമാത്രമാണ് അത്യന്തികമായി പൗരത്വം ലഭിക്കുക. അത്തരം പ്രശ്നങ്ങൾ സമകാലിക ലോകത്തെ എല്ലാ ജനങ്ങൾക്കും അവകാശവും സ്വത്വവും ഉറപ്പു നൽകുന്ന ജനാധിപത്യ പൗരത്വമെന്ന വാഗ്ദാനത്തിന് വെല്ലുവിളിയുയർത്തുന്നു. അനേകായിരം പേർക്ക് അവർ തെരഞ്ഞെടുക്കുന്ന രാജ്യത്തെ പൗരത്വം നേടാൻ കഴിയുന്നില്ല എന്നുമാത്രമല്ല അതിനു പകരം അവർക്കൊരു സ്വത്വം ഉണ്ടാകുന്നുമില്ല.

രാഷ്ട്രരഹിതജനങ്ങളുടെ പ്രശ്നങ്ങൾ ലോകം ഇന്നു നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ്. യുദ്ധം, രാഷ്ട്രീയ തർക്കങ്ങൾ എന്നിവയുടെ ഫലമായി രാജ്യങ്ങളുടെ അതിർത്തികൾ ഇപ്പോഴും പുനർനിർവചിക്കപ്പെടാറുണ്ട്. അത്തരം തർക്കങ്ങൾക്കിടയിൽ കുടുങ്ങിപ്പോകുന്ന ജനങ്ങളുടെ അവസ്ഥ ഗുരുതരമാണ്. അവർക്ക് അവരുടെ വീടും രാഷ്ട്രീയസ്വത്വവും സുരക്ഷിതത്വവും നഷ്ടപ്പെടും. മാത്രമല്ല മറ്റു രാജ്യങ്ങളിലേക്ക് കുടിയേറാൻ അവർ നിർബന്ധിതരാവുകയും ചെയ്യും. അത്തരം ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ പൗരത്വത്തിന് കഴിയുമോ? കഴിയില്ലെങ്കിൽ പകരം എന്ത് സ്വത്വമാണ് അവർക്ക് നൽകാൻ കഴിയുക? ദേശീയപൗരത്വത്തെക്കാൾ കൂടുതൽ ആധികാരികമായ ഒരു സാർവത്രിക സ്വത്വം

രൂപപ്പെടുത്താൻ നാം ശ്രമിക്കണോ ? പലപ്പോഴും ആഗോളപൗരത്വത്തിനു വേണ്ടി യുള്ള ആവശ്യം മുന്നോട്ട് വയ്ക്കപ്പെടുന്നുണ്ട്. ഇതിന്റെ സാദ്ധ്യതകൾ അടുത്ത ഘട്ടത്തിൽ ചർച്ച ചെയ്യാം.

## 6.6 ആഗോളപൗരത്വം (Global Citizenship)

താഴെ നൽകിയിരിക്കുന്ന പ്രസ്താവനകൾ പരിശോധിക്കുക

- 2004 ൽ തെക്കനേഷ്യയിലെ നിരവധി രാജ്യങ്ങളെ ബാധിച്ച സുനാമിക്ക് ഇരയായവർക്ക് പലരും കാരുണ്യവും സഹായവും ചൊരിയുകയുണ്ടായി.
- ഇന്ന് അന്തർദേശീയശൃംഖലകൾ തീവ്രവാദികളെ പരസ്പരം ബന്ധിപ്പി ക്കുന്നു.
- പക്ഷിപ്പനിയുടെ വ്യാപനം തടയുന്നതിനും, മനുഷ്യർക്കിടയിലെ വൈറസ് പകർച്ചവ്യാധിയായി മാറാനുള്ള സാധ്യത തടയുന്നതിനും ഐക്യരാഷ്ട്ര സംഘടന വിവിധ രാഷ്ട്രങ്ങളുമായി ചേർന്ന് പ്രവർത്തിക്കുന്നു.

മുകളിൽ നൽകിയിട്ടുള്ള പ്രസ്താവനകളിൽ പൊതുവായുള്ളതെന്താണ്?. നമ്മൾ അധിവസിക്കുന്ന ലോകത്തെക്കുറിച്ച് അവ നമ്മോട് എന്താണ് പറയുന്നത്.?

പരസ്പരബന്ധിതമായ ഒരു ലോകത്താണ് നാം ഇന്ന് ജീവിക്കുന്നത്. ഇന്റർനെറ്റ്, ടെലിവിഷൻ, സെൽഫോണുകൾ തുടങ്ങിയ പുത്തൻആശയവിനിമയമാർഗങ്ങൾ ലോകത്തെ നാം മനസിലാക്കുന്ന രീതിയിൽ സുപ്രധാനമാറ്റം കൊണ്ടു വന്നു. ലോകത്തിന്റെ ഒരു ഭാഗത്തു നടക്കുന്ന സംഭവങ്ങളെക്കുറിച്ചുള്ള വാർത്തകൾ മറുഭാഗത്ത് അറിയാൻ മുൻപ് മാസങ്ങൾ എടുക്കുമായിരുന്നു. എന്നാൽ പുത്തൻ ആശയവിനിമയരീതികൾ ഭൂഗോളത്തിന്റെ വിവിധഭാഗങ്ങളിൽ നടക്കുന്ന സംഭവ വികാസങ്ങളുമായി ഉടൻ തന്നെ സംവദിക്കാൻ നമ്മെ സഹായിക്കുന്നു. യുദ്ധ ങ്ങൾ, ദുരന്തങ്ങൾ തുടങ്ങിയവ അവ സംഭവിക്കുമ്പോൾത്തന്നെ ടെലിവിഷൻ സ്ക്രീനിൽ നമുക്ക് കാണാൻ കഴിയുന്നു. ലോകത്ത് വിവിധ രാജ്യങ്ങളിലെ ജന ങ്ങൾക്കിടയിൽ സഹാനുഭൂതിയും സഹകരണമനോഭാവവും വളർത്താൻ ഇത് സഹായിച്ചു.

ലോകസമുദായവും ആഗോളസമൂഹവും ഇതുവരെ നിലവിൽ വന്നില്ലെങ്കിലും ദേശീയാതിർത്തികൾക്കപ്പുറത്തേക്ക് തങ്ങൾ പരസ്പരം ബന്ധിപ്പിക്കപ്പെട്ടിരിക്കു ന്നു എന്ന തോന്നൽ നിലനിൽക്കുന്നതായി ആഗോളപൗരത്വത്തെ പിൻതുണയ്ക്കു ന്നവർ വാദിക്കുന്നു. ഏഷ്യൻ സുനാമിയുടെയും മറ്റ് പ്രധാനപ്രകൃതിക്ഷോഭങ്ങ ളുടെയും ഇരകളെ സഹായിക്കുന്നതിന് ലോകത്തിന്റെ എല്ലാ ഭാഗത്തു നിന്നും ചൊരിഞ്ഞ സഹായത്തെ ആഗോളസമൂഹത്തിന്റെ ആവിർഭാവത്തിന്റെ സൂചന യായി അവർ ചൂണ്ടിക്കാണിക്കുന്നു. ഇത്തരം അനുഭവങ്ങളെ ശക്തിപ്പെടുത്തി ആഗോള പൗരത്വം എന്ന ആശയത്തിനുവേണ്ടി നാം പ്രവർത്തിക്കണമെന്ന് അവർ അഭിപ്രായപ്പെടുന്നു.

ഇന്നത്തെ ലോകത്ത് അന്തസോടെ ജീവിക്കുന്നതിനാവശ്യമായ സംരക്ഷണവും അവകാശങ്ങളും പ്രദാനം ചെയ്യാൻ നമ്മുടെ രാഷ്ട്രത്തിന് കഴിയുമെന്ന് ദേശീയ പൗരത്വസങ്കല്പം വിഭാവനം ചെയ്യുന്നു. എന്നാൽ രാഷ്ട്രങ്ങൾ തങ്ങൾക്കു മാത്രം കൈകാര്യം ചെയ്യാൻ കഴിയാത്ത ധാരാളം പ്രശ്നങ്ങൾ ഇന്ന് നേരിടുന്നുണ്ട്. ഈ സാഹചര്യത്തിൽ ജനങ്ങളുടെ സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിന് ഇന്ന് രാഷ്ട്രങ്ങൾ ഉറപ്പു നൽകുന്ന വ്യക്തിപരമായ അവകാശങ്ങൾ മതിയാകുമോ? അതോ മനുഷ്യാവകാശങ്ങൾ, ആഗോളപൗരത്വം എന്നിവയിലേക്ക് മാറാനുള്ള സമയം ആയോ?

ആഗോളപൗരത്വമെന്ന ആശയത്തിന്റെ ഒരു ആകർഷണം ദേശീയാതിർത്തികൾക്കപ്പുറത്തേക്ക് അത് വ്യാപിക്കുന്നുവെന്നതാണ്. അതുകൊണ്ടു തന്നെ വിവിധ രാജ്യങ്ങളിലെ ജനങ്ങളുടെയും ഗവൺമെന്റുകളുടെയും കൂട്ടായ പ്രവർത്തനങ്ങൾ അത്തരം പ്രശ്നങ്ങൾ കൈകാര്യം ചെയ്യുക എന്നത് എളുപ്പമാക്കുന്നു. ഉദാഹരണത്തിന്, രാഷ്ട്രരഹിതരായ ജനങ്ങളുടെ അല്ലെങ്കിൽ കുടിയേറ്റക്കാരുടെ പ്രശ്നങ്ങൾക്ക് സ്വീകാര്യമായ ഒരു പരിഹാരം കാണുക അത് എളുപ്പമാക്കും. അല്ലെങ്കിൽ തങ്ങൾ അധിവസിക്കുന്ന രാഷ്ട്രമേതെന്ന് പരിഗണിക്കാതെ ഏറ്റവും ചുരുങ്ങിയത് അടിസ്ഥാനാവകാശങ്ങളും സംരക്ഷണവും ഉറപ്പുവരുത്തുകയെങ്കിലും ചെയ്യും.

ഒരു രാജ്യത്തെ തുല്യപൗരത്വത്തിന് ഭീഷണിയുയർത്താൻ സാമൂഹ്യസാമ്പത്തിക അസമത്വത്തിനും നിലനിൽക്കുന്ന മറ്റുപ്രശ്നങ്ങൾക്കും കഴിയുമെന്ന് മുൻപത്തെ വിഭാഗത്തിൽ നാം കണ്ടല്ലോ. അത്തരം പ്രശ്നങ്ങൾക്ക് അന്തിമമായ പരിഹാരം കാണുവാൻ ഗവൺമെന്റുകൾക്കും ജനങ്ങൾക്കും മാത്രമേ കഴിയൂ. അതുകൊണ്ടുതന്നെ ഇന്നത്തെ ജനങ്ങൾക്ക് ഒരു രാഷ്ട്രത്തിലെ പൂർണവും തുല്യവുമായ അംഗത്വം പ്രധാനപ്പെട്ടതായി നിലനിൽക്കുന്നു. പരസ്പരബന്ധിതമായ ഒരു ലോകത്താണ് നാം ജീവിക്കുന്നത് എന്ന അവബോധം ദേശീയ പൗരത്വസങ്കൽപത്തിന് അനുബന്ധമായി കാണേണ്ടതാണ് എന്ന് ആഗോള പൗരത്വമെന്ന ആശയം നമ്മെ ഓർമിപ്പിക്കുന്നു. അതുകൊണ്ട് ഈ ലക്ഷ്യം കൈവരിക്കുന്നതിനായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ജനങ്ങൾക്കിടയിലെ ബന്ധം ശക്തിപ്പെടുത്തേണ്ടതാവശ്യമാണ്. അതോടൊപ്പം ദേശീയാതിർത്തികൾക്കപ്പുറത്ത് ജനങ്ങളും ഗവൺമെന്റുകളുമായി ഒരുമിച്ചു പ്രവർത്തിക്കാനും തയ്യാറാവണം.

# അഭ്യാസം

അഭ്യാസം

1. ഒരു രാഷ്ട്രീയസമൂഹത്തിലെ പൂർണവും തുല്യവുമായ അംഗത്വമെന്ന നിലയ്ക്ക് പൗരത്വം അവകാശങ്ങളും കടമകളും ഉൾക്കൊള്ളുന്നു. ജനാധിപത്യരാജ്യങ്ങളിൽ ഇന്ന് പൗരന് ഏതെല്ലാം അവകാശങ്ങൾ അനുഭവിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്? രാഷ്ട്രത്തോടും സഹപൗരന്മാരോടും ഏതു തരത്തിലുള്ള കടപ്പാടാണ് അവർക്കുള്ളത്?

2. എല്ലാ പൗരന്മാർക്കും തുല്യാവകാശങ്ങൾ നൽകിയേക്കാം എന്നാൽ എല്ലാവർക്കും തുല്യനിലയിൽ അത് ഉപയോഗിക്കാൻ കഴിയണമെന്നില്ല. വിശദമാക്കുക?

3. സമീപവർഷങ്ങളിൽ ഇന്ത്യയിൽ പൗരത്വാവകാശങ്ങൾ പൂർണമായി അനുഭവിക്കുന്നതിനായി നടന്ന രണ്ട് പോരാട്ടങ്ങളെക്കുറിച്ച് ഒരു കുറിപ്പ് എഴുതുക. ഓരോന്നിലും ഏതെല്ലാം അവകാശങ്ങളാണ് ഉന്നയിക്കപ്പെട്ടത്?

4. അഭയാർഥികൾ അനുഭവിക്കുന്ന ചില പ്രശ്നങ്ങൾ ഏതൊക്കെയാണ്? ആഗോളപൗരത്വമെന്ന സങ്കൽപം ഏതെല്ലാം തരത്തിലാണ് അവർക്ക് പ്രയോജനകരമാകുന്നത്?

5. രാജ്യത്തിനുള്ളിൽ തന്നെ വ്യത്യസ്തപ്രദേശങ്ങളിലേക്കുള്ള കുടിയേറ്റം പ്രദേശവാസികളുടെ എതിർപ്പിനിടയാക്കുന്നു. പ്രാദേശികസമ്പദ്‌വ്യവസ്ഥയ്ക്ക് കുടിയേറ്റക്കാർ നൽകുന്ന സംഭാവനകൾ എന്തെല്ലാമാണ്?

6. തുല്യപൗരത്വം ഉറപ്പുനൽകുന്ന ഇന്ത്യ പോലുള്ള രാജ്യങ്ങളിൽപ്പോലും വിജയകരമായി നിർവഹിക്കപ്പെട്ട വസ്തുതയെക്കാളുപരി ജനാധിപത്യ പൗരത്വം ഒരു പദ്ധതിയാണ്. ഇന്ത്യയിൽ ഇന്ന് പൗരത്വവുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിട്ടുള്ള ഏതാനും പ്രശ്നങ്ങൾ ചർച്ചചെയ്യുക.